പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1851 05.02.2019-ലെ മറുപടിക്ക്

**തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം<br>ശ്രീ.മാത്യു റ്റി.തോമസ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവല്ലയിൽ പുതുതായി നിർമ്മിച്ച കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുവാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | തിരുവല്ല ബസ് സ്റ്റേഷനിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം BOT വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി യാണ് നിർവ്വഹിച്ചിരിക്കുന്നത്. 06.06.2015-ൽ ഉദ്ഘാടനം ചെയ്ത തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിൽ നിന്നും ബസ് ഓപ്പറേഷൻ പൂർണ്ണതോതിൽ നടത്തി വരുന്നു. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ കെട്ടിട നമ്പർ തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. അഗ്നി ശമന രക്ഷാവകുപ്പിന്റെ വിവിധ പരിശോധനാ ഘട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരം 97,00,000/- രൂപയുടെ ഫയർ പ്രൊട്ടക്ഷൻ ജോലികൾ ചെയ്തു തീർക്കുവാൻ വേണ്ടി വന്ന സമയം കൂടി കാലതാമസത്തിന് ഇടയാക്കി. 17.12.2018 തീയതിയിൽ അഗ്നി ശമന രക്ഷാ വകുപ്പിൽ നിന്നും ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പറി |

| | | | |
|---|---|---|---|
| | | | നുവേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി തിരുവല്ല മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു. ഈ കാരണത്താൽ കോംപ്ലക്സിലെ വാണിജ്യ സ്ഥലങ്ങൾ വാടകയ്ക്ക് നല്കുവാൻ സാധിച്ചിട്ടില്ല. തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ നിലവിൽ സ്പെയിസ് നമ്പർ G2, G3, G5, G16, G20 എന്നീ അഞ്ച് വാടകക്കാർ മാത്രമേ കരാർ ഒപ്പിട്ട് പ്രവർത്തനം തുടങ്ങിയിട്ടുള്ളൂ. മറ്റ് സ്പെയിസുകൾ ഒന്നും തന്നെ വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയ്ക്ക് നൽകിയിട്ടുള്ള സ്പെയിസുകൾക്കും ഒഴിഞ്ഞു കിടക്കുന്ന മറ്റ് സ്പെയിസുകൾക്കും ചേർത്തു 2,78,19,912/- രൂപ Unauthorised Occupation എന്നതിൽപ്പെടുത്തി തിരുവല്ല മുൻസിപ്പാലിറ്റിയിൽ കെട്ടിട നികുതി ഒടുക്കുവാൻ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കെട്ടിട നമ്പർ ലഭിച്ചതിന് ശേഷമേ ഒഴിഞ്ഞു കിടക്കുന്ന സ്പെയിസുകൾ ഇ-ടെൻഡർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഈ കാരണങ്ങളാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | നേരത്തേ സമർപ്പിച്ച് അംഗീകാരം വാങ്ങിയ പ്ലാനിൽ കെട്ടിടനിർമ്മാണ സമയത്ത് വ്യതിയാനം വരുത്തിയിരുന്നോ; | (ബി) | വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആരുടെ നിർദ്ദേശ പ്രകാരമാണ് അപ്രകാരം വ്യതിയാനം വരുത്തിയത്;വ്യക്തമാക്കുമോ; | (സി) | സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വന്യജീവി, സ്പോർട്സ് & സിനിമാ വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചതിൻ പ്രകാരം, കെ.എസ്.ആർ.ടി.സി.യുടെ നിർമ്മാണത്തിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ സിനിമാ ശാലകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ട്, കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും കെ.റ്റി.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർക്കും സർക്കാർ കത്ത് നൽകിയിരുന്നു. തുടർന്നാണ് കെ.റ്റി.ഡി.എഫ്.സി. പ്ലാനിൽ മാറ്റം വരുത്തിയിട്ടുള്ളത്. |
| (ഡി) | കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു;വ്യക്തമാക്കുമോ; | (ഡി) | തിരുവല്ല മുൻസിപ്പാലിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഫൈനൽ ഫയർ എൻ.ഒ.സി., കംപ്ലീഷൻ സർട്ടിഫിക്കറ്റ്, കേരള മലനീകരണ നിയന്ത്രണ ബോർഡിന്റെ കൺസന്റ്, പൂർത്തീകരിച്ച കെട്ടിടത്തിന്റെ പ്ലാൻ എന്നിവ തിരുവല്ല മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | കോംപ്ലക്സ് എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ? | (ഇ) | തിരുവല്ല മുൻസിപ്പാലിറ്റിയിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ്, ബിൽഡിംഗ് നമ്പർ എന്നിവ ലഭിച്ചു കഴിഞ്ഞാലുടൻ കെ.എസ്.ഇ.ബി.യിൽ നിന്നും സ്ഥിര വൈദ്യുതി കണക്ഷനും ലഭിച്ചു കഴിഞ്ഞാൽ പൂർണ്ണ തോതിൽ തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**